12

# പരിഗണനകളും തീർപ്പുകളും

*"നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ച തുപോലെ ശരീരം ഒന്നു ആത്മാവു ഒന്ന്, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനംഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാ വരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവ നുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:4-6).*

സ്നാനത്തിന്റെ അർത്ഥത്തെയും ഉദ്ദേശത്തേയും പല രീതിയിലാണ് വിവിധ കൂട്ടങ്ങളും വ്യക്തികളും മനസിലാക്കിയിരിക്കുന്നത്. ഇതു പോലെ ചില മനസിലാക്കലുകൾ - കർത്താവായ യേശുവിന്റെ ശക്തി യുള്ള രക്ഷയിൽ വിശ്വസിച്ചു അർത്ഥത്തോടും ഉദ്ദേശത്തോടും കൂടെ സ്നാനപ്പെടാതെ അതിനെ വെറും ചടങ്ങായി എടുക്കുകയാണ്.

സ്നാനത്തെ മനസിലാക്കുവാൻ, ദൈവകല്പനകളോടും വാഗ്ദാ നങ്ങളോടും ഉള്ള മനുഷ്യന്റെ പ്രതികരണത്തെ ഭരിക്കുന്ന അഞ്ചു തത്വ ങ്ങൾ ആവർത്തിച്ചു നോക്കണം ("പഴയനിയമത്തിലെ മനസിലാക്കലും ചടങ്ങും" എന്നതു നോക്കുക). ലക്ഷ്യവും പ്രവൃത്തിയും ചർച്ച ചെയ്തിരിക്കുന്നതും പരിശോധിക്കണം ("പുതിയ നിയമത്തിലെ മന സിലാക്കലും ചടങ്ങും നോക്കുക"). നേട്ടം കൈവരിക്കുവാനുള്ള കഴിവ് ചില പ്രവൃത്തികൾക്കുണ്ട്. എന്നാൽ മറ്റു ചിലതിൽ അതിൽനിന്നുതന്നെ ഒന്നും നേടാൻ കഴിയാത്തതുമാണ്. ഒരാൾ ചെയ്യുന്നതു എന്തെന്നു അറിയാതിരുന്നാൽ അതിൽ നിന്നു വാഗ്ദാനം ചെയ്ത അനുഗ്രഹം കിട്ടുകയില്ല, അപ്പോൾ, അതു ലഭിക്കുവാൻ അയാൾ മറ്റൊരാളിൽ വിശ്വാസം അർപ്പിക്കണം അതുകൊണ്ട്,അതു ലഭിക്കുക എന്ന ഉദ്ദേശത്തിനായി അയാൾ പ്രവർത്തിക്കണം. വാഗ്ദാനം ചെയ്ത വൻ അതു നിറവേറ്റും എന്ന് അയാൾ വിശ്വസിക്കണം.

ഒരാളുടെ സ്വപ്രയത്നത്താൽ *നേടുന്നതും* മറ്റൊരാളുടെ പ്രയത്നത്തിൽ ആശ്രയിച്ചു *ലഭിക്കുന്നതുമായ* ഫലങ്ങൾക്കു

വ്യത്യാസമുണ്ട്. ഇതിനു നല്ല ഉദാഹരണമാണ് യെരിഹോം അതിൽ വീണത് (യെശുവ 6). യോശുവയും യിസ്രായേൽ ജനവും ചെയ്ത പ്രവൃത്തികൾ നിമിത്തം അല്ല മതിൽ വീണത്. അവർക്കു, ദൈവം മതിൽ വീഴ്ത്തുമെന്ന വിശ്വാസം ഉണ്ടായിരുന്നതിനാൽ ദൈവമാണ് അതു വീഴ്ത്തിയത്. അവരുടെ സ്വന്തം പ്രവൃത്തിയുടെ ശക്തിയിലല്ല, പിന്നെയോ വാഗ്ദാനം ചെയ്ത ദൈവത്തിൽ അവർക്കു വിശ്വാസം ഉണ്ടായിരുന്നു – വിശ്വാസം കൂടാതെയാണ് അവർ മതിലിനു ചുറ്റും നടന്നിരുന്നതെങ്കിൽ ദൈവം മതിൽ വീഴ്ത്തുമായിരു*ന്നില്ല* – അവരുടെ പ്രവൃത്തിയിലെ ന്യൂനത കൊണ്ടല്ല, *വിശ്വാസകുറവു* നിമിത്തം, ദൈവം എന്തു ചെയ്യുമെന്ന്,അറിയാതെയാണ് അവർ പ്രവൃത്തിച്ചിരുന്നതെങ്കിൽ അതു ദൈവത്തിലുള്ള വിശ്വാസം നിമിത്തമല്ലാത്തതിനാൽ അന്ധമായ അനുസരണമായി, തീരും.

**സ്നാനം, പ്രവൃത്തിക്കുവാൻ ദൈവത്തിലുള്ള വിശ്വാസം**

കുളിക്കുമ്പോൾ വെള്ളവും സോപ്പും ഉപയോഗിച്ചു കുളിക്കുന്ന ആൾ എന്തു വിശ്വസിച്ചാലും മനസ്സിലാക്കിയാലും അയാളുടെ ശരീരത്തിലെ അഴുക്കു പോകുമെന്നതുപോലെ അല്ല സ്നാനം. സ്നാനത്തിൽ പാപങ്ങളെ നീക്കുവാൻ അതിൽ തന്നെ ഒരു ശക്തിയുമില്ല; യേശുവിന്റെ രക്തത്തിന് അതു ചെയ്യുവാൻ കഴിയും. മനുഷ്യന്റെ പ്രവൃത്തിയുടെ ശക്തികൊണ്ടല്ല, പ്രതിഫലം ദൈവത്തിൽ നിന്നു വരുന്നത്. പ്രവൃത്തിക്കുവാൻ *വിശ്വാസം* ഉള്ളതുകൊണ്ടാണ് ദൈവം പ്രതിഫലം തരുന്നത്. യേശുവും യിസ്രായേലും വിശ്വാസത്താൽ ചെയ്തതുപോലെ, അവർ ചെയ്തത് മതിൽ വീഴ്ത്തുവാൻ കഴിയുകയില്ല, എന്നവർ തിരിച്ചറിഞ്ഞു. അതുപോലെ സ്നാനപ്പെടുന്നവർ വിശ്വാസത്താൽ പ്രവൃത്തിക്കുന്നു. അവർ ചെയ്യുന്ന പ്രവൃത്തികൊണ്ടു മാത്രം പാപങ്ങളെ നീക്കുക*യില്ല*എന്നു തിരിച്ചറി ഞ്ഞാണ് ചെയ്യുന്നത്.

യേശുവിന്റെ രക്തത്തിൽ വിശ്വാസമുള്ളവർക്കാണ് രക്ഷ നൽകുന്നത് (റോമർ 3:23–25). പാപമോചനത്തിന് യേശുവിന്റെ രക്ത ത്തിലുള്ള വിശ്വാസത്തിൽ *അല്ലാത്ത* സ്നാനം ക്രൂശിലെ അവന്റെ മരണവുമായി ബന്ധമില്ലാത്തതാണ്. അത് യേശുവിന്റെ *രക്തത്തിൽ* വിശ്വസിച്ചുള്ള പ്രവൃത്തിയല്ല. ഒരാൾക്കു യേശുവിന്റെ *രക്തത്തിലുള്ള, വിശ്വാസം* കൂടാതെ സ്നാനത്താൽ ശുദ്ധീകരിപ്പാൻ കഴിയുമെങ്കിൽ, യേശുവിന്റെ ക്രൂശിലെ മരണത്താലുള്ള പ്രവൃത്തിനിരർത്ഥകമാകുന്നു.

സെസിൽ. മേ, ജൂനിയർക്കു., ചിത്രീകരണങ്ങൾക്കു പ്രതിക രണമായി എഴുതി, ഒരാൾക്കു അയാൾ സ്നാനപ്പെടുമ്പോൾ മനസ്സി ലായില്ലെങ്കിൽ പോലും അയാൾക്കു പാപമോചനം ലഭിക്കുവാൻ കഴിയുമെന്ന് തെളിവു നിരത്തുകയാണ്:

രോഗികൾ ശരിയായ മരുന്നു കഴിച്ചാൽ, സുഖം ലഭിക്കും. ആ മരുന്നു സുഖമാകുമോ,എന്ന് അറിയാമെങ്കിലും ഇല്ലെങ്കിലും. അവരിൽ രോഗമില്ല എന്നവർ തെറ്റായി ധരിച്ചുവെച്ചാൽ പോലും ഡോക്ടർമാരുടേയോ മാതാപിതാ ക്കളുടേയോ നിർദ്ദേശമനുസരിച്ച് മരുന്നു കഴിച്ചാൽ മരുന്നു പ്രവർത്തിക്കും.[1]

മറ്റൊരു ചിത്രീകരണം നല്കി, എഴുതി,

പ്രവൃത്തിയും വാഗ്ദാനവും തമ്മിലുള്ള, ബന്ധത്തെ ഈ സമയത്തു വേർപെടുത്തുന്നതാണ്, ഈ ചിത്രീകരണങ്ങൾ. മരുന്നിനു *സഹജമായ* സൗഖ്യ ബന്ധമുണ്ട് ... രക്ഷ കൃത്യമായും കൃപയാൽ വിശ്വാസം മൂലമായതുകൊണ്ടും, സ്നാനമെന്ന പ്രവൃത്തിയാൽ, സമ്പാദിക്കാൻ പറ്റാത്തതു കൊണ്ടു, ആ പ്രവൃത്തിയിൽ സഹജമായ ശക്തിയില്ല. സ്നാനത്തെ സംബന്ധിച്ചു മനസിലാക്കേണ്ടതു അതു രക്ഷയുമായുള്ള ബന്ധമാണ് എന്നത്രെ. ഒരാളിൽ രക്ഷിക്കുന്ന വിശ്വാ സം ഉണ്ടോ, ഇല്ലയോ എന്നതാണ് പ്രസക്തി.

രക്ഷയുടെ ആവശ്യം നാം കണ്ട്, ക്രിസ്തു തരുന്ന നീതീകരണ ത്തിനു, അവനിൽ ആശ്രയിച്ചു സ്നാനമേല്ക്കുന്നു. കാരണം അവൻ പറഞ്ഞിരുന്നു, "വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും". രക്ഷിക്കപ്പെടുവാൻ സ്നാനം ഏല്ക്കുമ്പോൾ രക്ഷയും സ്നാനവുമായി ബന്ധമില്ലാതിരിക്കുമ്പോൾ നാം ക്രിസ്തു വിൽ വിശ്വസിക്കുന്നു. അപ്പോൾ അവൻ വാഗ്ദാനവുമായി, ബന്ധ പ്പെടുത്തി കൃപയാൽ വിശ്വാസം മൂലം അവൻ നമ്മെ രക്ഷിക്കുന്നു.[2]

സ്നാനം കൊണ്ടു മാത്രം പാപം നീങ്ങുന്നു, എങ്കിൽ വിശ്വാസം കൂടാതെ സ്നാനപ്പെടുന്ന ആൾ മനസിലാക്കാതെ പാപങ്ങൾ നീങ്ങുമ ല്ലോ. സ്നാനമെന്ന പ്രവൃത്തിക്കു പാപങ്ങളെ നീക്കാൻ, കഴിയാ ത്തതുകൊണ്ടു യേശുവെന്ന മറ്റൊരാളിലുള്ള വിശ്വാസം - വേണം. കാരണം പാപങ്ങൾക്കു വേണ്ടി രക്തം, ചിന്തിയതു യേശുവാണ്, പാപം നീങ്ങേണ്ടതിന്നു - അതു ആവശ്യമായിരുന്നു. അങ്ങനെ അല്ലായിരുന്നു വെങ്കിൽ പാപമോചനം യേശുവിന്റെ രക്തത്തിൽ അധിഷ്ഠിതമാകുമാ യിരുന്നില്ല.അതു ദൈവത്തെ അനുസരിക്കുന്ന, ചടങ്ങിൽ ഒതുക്കി നിർ ത്തുമായിരുന്നു. *അപ്പോൾ യേശുവിന്റെ രക്തത്താലുള്ള ശുദ്ധീകരണ ശക്തിയിലുള്ള വിശ്വാസം ഒന്നുമല്ലാതായി തീരുന്നു.*

സ്നാനം കൊണ്ടുമാത്രമല്ല, യേശുവിന്റെ രക്തത്താൽ കൂടെയാണ് പാപങ്ങൾ മോചിക്കപ്പെടുന്നതു, എന്നതിനാൽ അവന്റെ രക്തത്തിൽ വിശ്വസിക്കുന്ന വ്യക്തിയ്ക്കാണ് സ്നാനപ്പെടുമ്പോൾ ഗുണം ലഭിക്കു ന്നത്. പാപമോചനം യേശുവിന്റെ രക്തത്തിലുള്ള *വിശ്വാസത്തിന്റെ* അടിസ്ഥാനത്തിനു പകരം സ്നാനത്തിന്റെ അടിസ്ഥാനത്തിൽ

ആയിവരും. യേശുവിന്റെ രക്തത്തിനുള്ള രക്ഷിക്കുന്ന ശക്തിയെ വിശ്വസിക്കാതെ പ്രവൃത്തിയാൽ രക്ഷിക്കപ്പെടും എന്നു പറയുന്നതു പുതിയനിയമത്തിലെ ഏറ്റവും വലിയ വൈപരീത്യ ഉപദേശമായി തീരും (എഫെസ്യർ 2:8; റോമർ 3:25).

മുകളിൽ പറഞ്ഞതീർപ്പിൽ നിന്നു വ്യത്യസ്തമായ ചില കാഴ്ച്ചപ്പാടുകൾ:

> ...കല്പനകൾ അനുസരിക്കുവാൻ, ജനത്തോടു അവൻ പറയുമ്പോൾ അവയുടെ ഉദ്ദേശം അവൻ നിറവേറ്റുന്നു, അവർ രണ്ടാമതു പറഞ്ഞതല്ല ആദ്യം പറഞ്ഞതു ചെയ്യുന്നു. വാസ്തവത്തിൽ രണ്ടാമതു പറഞ്ഞതു ചെയ്യാൻ അവർക്കു സാദ്ധ്യമല്ല. സ്നാനത്തോടു ബന്ധപ്പെട്ടിരിക്കുന്ന "പാപങ്ങളുടെ മോചനം," (പ്രവൃത്തി 2:38), മനുഷ്യർ സ്നാനപ്പെടുമ്പോൾ ദൈവം നിറവേറ്റുന്നതാണ് "പരിശുദ്ധാത്മാവു എന്ന ദാനം" വാഗ്ദാനമായിട്ടാണ്, ലഭിക്കുന്നതെങ്കിലും മോചനത്തോടൊപ്പം വരുന്നതാണ്. കാരണം അനുഗ്രഹങ്ങൾ മാനസാന്തരപ്പെട്ടു സ്നാനപ്പെടുന്നവർക്കു ദൈവം നല്കുന്നതാണ്. സ്നാനപ്പെടുന്നവ്യക്തിയോടു കല്പിച്ചതിൽ പെടുന്നതല്ല "പാപമോചനവും" പരിശുദ്ധാത്മാവു എന്ന ദാനവും രണ്ടും കല്പന അനുസരിക്കുന്നതിന്റെ ഫലമായി വരുന്നതാണ്. കർത്താവിൽ നിന്നു ഇത്രയും തെളിവായ പ്രസ്താവന കിട്ടിയിട്ട് മനസിലായില്ല എന്നു ആരും പറയുകയില്ല. സ്നാനപ്പെടുമ്പോൾ ദൈവം പാപമോചനവും "പരുശുദ്ധാത്മാവു എന്ന ദാനവും" നല്കും എന്നു എല്ലാവരും അറിയണം. സ്നാനപ്പെട്ടില്ലെങ്കിൽ ഈ രണ്ട് അനുഗ്രഹങ്ങളും നിഷേധിക്കപ്പെടും.[3]

പാപം മോചിച്ചു തരുന്നതു ദൈവമാണെന്നു ആരും നിഷേധിക്കയില്ല. എങ്കിലും, മറ്റൊരാൾ വാഗ്ദാനം ചെയ്തിരിക്കുന്നതു പ്രാപിക്കുവാൻ ഒരാൾ പ്രതികരിക്കണം. യിസ്രായേൽ ജനത്തിനു ദൈവം മതിൽ വീഴ്ത്തുമെന്നു, വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് വാഗ്ദാനം പ്രാപിക്കുവാൻ അവർ പ്രതികരിച്ചു.

"ഇരുപതു രൂപക്കായി കൈകൾ നീട്ടുക!" എന്നതിലും "കൈകൾ നീട്ടുക!" എന്നതിലും വ്യത്യാസമുണ്ട്. ഒന്നിൽ ഉദ്ദേശം വ്യക്തമാക്കിയിരിക്കുന്നു. മറ്റേതിൽ ഒരു ഉദ്ദേശവും വാഗ്ദാനവും ഇല്ല. ഒന്നാമത്തെ പ്രസ്താവനയിൽ, *വാഗ്ദാനത്തിൽ വിശ്വാസവും ഉദ്ദേശത്തോടെയുള്ള പ്രവൃത്തിയും അനുസരണമായി ഉണ്ട്*, എന്നാൽ രണ്ടാമത്തേതിൽ വിശ്വാസമോ ഉദ്ദേശമോ ഇല്ലാത്തതിനാൽ അന്ധമായ വിശ്വാസമാകുന്നു.

$20.00 കൈനീട്ടുക എന്ന *ആദ്യ* പ്രസ്താവനയിൽ കൈനീട്ടുന്ന പ്രവൃത്തി $20.00 യോഗ്യമാക്കു *ന്നില്ല*. കൈകൾ നീട്ടുന്നതു വേറെ കാരണം കൊണ്ടും ആകാം. കൈ നീട്ടാൻ പറഞ്ഞ $20.00 വ്യക്തിയെക്കുറിച്ചു അറിയാമെങ്കിൽ കൈനീട്ടും, കാരണം അയാൾ $20.00 തരുമോ

എന്നറിയേണ്ടേ? വാഗ്ദാനം ചെയ്തതു മനസിലാക്കാതെ, അയാളിൽ വിശ്വാസം ഇല്ലാതെ വന്നാൽ അയാൾ $20.00 കൈനീട്ടുകയില്ല. വിശ്വാസവും ഉദ്ദേശവും ഒത്തിണങ്ങി പ്രവൃത്തിക്കുമ്പോൾ ഗുണഫലമായ $20.00 ലഭിക്കും.

പഴയ നിയമത്തിൻ കീഴിൽ, വഴിപാടും, സമാധാനയാഗവും പാപയാഗവുമായി, മൃഗങ്ങളെ അർപ്പിക്കുമായിരുന്നു (ലേവ്യാപുസ്തകം 4:27, 28). ഓരോ യാഗവും ഓരോ ഉദ്ദേശത്തിനു വേണ്ടിയായിരുന്നു;കൊണ്ടുവന്നത്. ഉദാഹരണമായി, ഒരാൾ "താൻ ചെയ്ത പാപത്തിനു പാപയാഗം അർപ്പിക്കുമായിരുന്നു." ഒരേ തരത്തിലുള്ള മൃഗങ്ങൾ പലവിധത്തിലുള്ള യാഗങ്ങൾക്കായി, ഉപയോഗിച്ചിരുന്നേക്കാം. പക്ഷേ ഓരോ യാഗവും ഓരോ പ്രത്യേക ഉദ്ദേശത്തിനു വേണ്ടിയായിരുന്നു.

യിസ്രായേൽ മക്കളിലെ ഒരു യുവാവ് പുരോഹിതന്റെ അടുക്കൽ ഒരു ആട്ടിൻകുട്ടിയെ, കൊണ്ടുവരുന്നതു ഊഹിക്കുക. അവൻ ഒരു യാഗം കഴിപ്പാൻ പോകുന്നു എന്നു വിളിച്ചറിയിക്കുന്നു. പുരോഹിതൻ അവനോടു ചോദിക്കും, "നീ എന്തിനാണി യാഗം കൊണ്ടു വന്നത്?"

ആ മനുഷ്യൻ മറുപടി പറയും, "കാരണം ദൈവം കല്പിച്ചിരിക്കയാണ് യാഗം."

പുരോഹിതൻ പറയും, "യാഗങ്ങൾക്കു പല ഉദ്ദേശങ്ങൾ ഉണ്ട്. എന്താണ് നിന്റെ ഉദ്ദേശം?"

അവൻ വീണ്ടും പറയും, "ദൈവം യാഗം കല്പിച്ചിരിക്കുന്നു" എന്ന്.

അങ്ങനെ പറഞ്ഞാൽ പോരാ "നിന്റെ യാഗത്തിന്റെ ഉദ്ദേശം വ്യക്തമാക്കണം," എന്നു പുരോഹിതൻ പറയും.

എന്തിനാണ് യാഗം കഴിക്കുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. "ദൈവം യാഗം കഴിക്കാൻ പറഞ്ഞിരിക്കുന്നു എന്നു മാത്രം അറിയാം" എന്ന് അയാൾ മറുപടി പറഞ്ഞേക്കാം.

"ഇതു നിന്റെ പാപത്തിനു വേണ്ടിയുള്ള യാഗമാണോ?" പുരോഹിതൻ ചോദിച്ചേക്കാം.

"പാപമോചനം ദൈവഭാഗത്തു നിന്നുള്ളതാണ്," "എനിക്കു പാപമോചനം അനുസരിക്കാൻ സാദ്ധ്യമല്ല എനിക്കു ദൈവത്തെ അനുസരിച്ചാൽ മതി" എന്നു പറഞ്ഞേക്കാം.

"നിങ്ങളുടെ യാഗത്തിനു ഉദ്ദേശമില്ലെങ്കിൽ നിങ്ങൾക്കു ദൈവത്തെ അനുസരിപ്പാൻ സാദ്ധ്യമല്ല," പുരോഹിതൻ വ്യക്തമാക്കിയേക്കാം. "ദൈവം വെറും യാഗത്തെ കല്പിച്ചിരുന്നില്ല. യാഗങ്ങൾക്കു പ്രത്യേക ഉദ്ദേശവും വ്യക്തമാക്കിയിരുന്നു."

"എന്റെ പാപങ്ങൾ മോചിച്ചു കിട്ടി. എന്റെ ഉദ്ദേശം ദൈവത്തെ അനുസരിക്കാൻ യാഗം കഴിക്കുക എന്നതാണ്," എന്ന് അയാൾ പറഞ്ഞേക്കാം.

"യാഗം പ്രത്യേകമായ ഉദ്ദേശത്തിനല്ലെങ്കിൽ, എനിക്കതു നിരവ്വഹിക്കാൻ സാദ്ധ്യമല്ല, എന്നു പറഞ്ഞു പുരോഹിതൻ അവസാനിപ്പിച്ചേക്കാം. ഞാൻ നിർവ്വഹിക്കണമെങ്കിൽ ഒന്നുകിൽ വഴിപാടായിരിക്കണം, അല്ലെങ്കിൽ പാപയാഗമായിട്ടായിരിക്കണം, അതുമല്ലെങ്കിൽ സമാധാന യാഗമായിട്ടായിരിക്കണം. വെറുതെ ദൈവത്തെ അനുസരിപ്പാൻ എനിക്കു സാദ്ധ്യമല്ല എന്നു പറയും."

ദൈവത്തോടുള്ള അനുസരണത്തിൽ വെറുതെയുള്ള അനുസരണത്തേക്കാൾ കൂടുതൽ അടങ്ങിയിട്ടുണ്ട്, അനുസരണം ശരിയായ ഉദ്ദേശം കൂടെ ഉൾപ്പെട്ടാണ് ആവശ്യപ്പെടുന്നത്.

സ്നാനം ഇന്നു പലവിധത്തിൽ നടത്തപ്പെടുന്നുണ്ട് (ഉദാഹരണമായി, ഒരു നാമധേയ വിഭാഗത്തിൽ അംഗമായി തീരുവാൻ അല്ലെങ്കിൽ ഒരാൾ രക്ഷിക്കപ്പെട്ടു എന്നു കാണിക്കുവാൻ). സ്നാനപ്പെടുവാനുള്ള, കാരണം ദൈവത്തെ അനുസരിക്കുകയാവാം. എന്നാലും ദൈവം വാഗ്ദാനം ചെയ്തതിൽ വിശ്വാസമില്ലാതെയുള്ളതാണെങ്കിൽ ദൈവത്തോടുള്ള അനുസരണമാകുന്നില്ല.

## പ്രസ്താവന 1: "നമ്മുടെ മാതൃക യേശു ആകുന്നു"

നമുക്കു സ്നാനമേല്ക്കുവാൻ പ്രചോദനമാകുന്നതു യേശുവിന്റെ സ്നാനമാണ് എന്നു പറഞ്ഞു കേട്ടിട്ടുണ്ട്: "യേശുസ്നാനപ്പെ ട്ടതു മൂലം ... നാമും സ്നാനപ്പെടണമെന്നു പ്രതീക്ഷിക്കുന്നു."[4] അനേക കാര്യങ്ങളിൽ യേശു നമുക്കു മാതൃകയാണ്, നമ്മുടെ പാപമോചനത്തിനു അവൻ മാതൃകയാവുന്നില്ല, അതിനു നമുക്കു മാനസാന്തരം ആവശ്യമാണ് (പ്രവൃത്തി 3:19), അവനിൽ ക്ഷമിക്കേണ്ടതിന്നു പാപമില്ലാതിരുന്നതുകൊണ്ട് മാനസാന്തരം ആവശ്യമില്ലായിരുന്നു.

യേശു സ്നാനമേറ്റതു ദൈവത്തെ അനുസരിക്കുന്നതിനു വേണ്ടിയായിരുന്നു, പക്ഷേ അവൻ സ്നാനമേറ്റതു പാപങ്ങളുടെ മോചനത്തിനായിരുന്നില്ല. യോഹന്നാൻ സ്നാപകന്റെ അടുക്കൽ സ്നാനപ്പെടുവാൻ വന്നവർ ദൈവത്തെ അനുസരിക്കുവാൻ വന്നവരാണ്. വന്നതിന്റെ നല്ലൊരു കാരണമായിരുന്നു അത്. പക്ഷേ അവരുടെ വരവിൽ അതു മാത്രമായിരുന്നില്ല ഉദ്ദേശം. അവർ വന്നു പാപങ്ങളെ ഏറ്റു പറയുകയും (മത്തായി 3:6) യോഹന്നാൻ പ്രഖ്യാപിച്ച പാപമോചനം അന്വേഷിക്കയും ചെയ്തു (ലൂക്കോസ് 3:3).

യേശുവിനു ഈ ആവശ്യങ്ങൾ നിറവേറ്റണ്ടതില്ല എന്നതു മറ്റു ആവശ്യങ്ങൾ നിറവേറ്റേണ്ട എന്നർത്ഥമാകുന്നില്ല. നമ്മുടെ ആവശ്യങ്ങളും ഉദ്ദേശങ്ങളും, അക്കാരണത്താൽ അസാധുവാകാൻ സാദ്ധ്യമല്ല. നമ്മുടെ കൈകൾ കറ പുരണ്ടിരിക്കുന്നു എന്നും ശുദ്ധീകരണം ആവശ്യമാണെന്നും നാം തിരിച്ചറിയണം. നാം യേശുവിന്റെ അടുക്കൽ വരുന്നതിന്റെയും അവന്റെ ഇഷ്ടം ചെയ്യുന്നതിന്റേയും ഉദ്ദേശം അവന്റെ രക്തം

മുഖാന്തരമുള്ള ശുദ്ധീകരണം കാംക്ഷിച്ചുകൊണ്ടാണ്. നമുക്കു സ്വയ ശുദ്ധീകരണം നടത്താൻ കഴിയുകയില്ല എന്നതു യേശുവിന്റെ അടുക്കൽ വരുന്നതിനു തടസമല്ല ശുദ്ധീകരണം ലഭിക്കുന്ന ഉദ്ദേശമായ സ്നാനത്തിലൂടെ വേണമെന്നു മാത്രം. *നമുക്കു ഉദ്ദേശം അനുസരിക്കാൻ സാദ്ധ്യമല്ല,* എന്നാൽ യേശുവിന്റെ രക്തത്താലുള്ള *ശുദ്ധീകരണ ഉദ്ദേശത്തിനായി വരാം.* ഈ ഉദ്ദേശത്തിനു, നാം വരുമ്പോൾ ദൈവം നമ്മുടെ വിശ്വാസത്തെ കാണുന്നു. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവൻ നമ്മുടെ പാപങ്ങൾ മോചിക്കുന്നു. മറ്റൊരു ഉദ്ദേശവുമായി സ്നാനത്തിനു വരുന്ന ആൾ ദൈവത്തിന്റെ വാഗ്ദാനമായ യേശു വിന്റെ രക്തത്തിലുള്ള വിശ്വാസത്തോടെയല്ല പ്രതികരിക്കുന്നത്.

പിന്നീടുള്ള അവന്റെ ചില പ്രസ്താവനകൾ വിപരീതമെന്നു, തോന്നിയേക്കാം റൂബേൽ ഷെല്ലി ശരിയായി വീക്ഷിച്ചു, "പ്രധാന കാര്യം ഒരാളുടെ വ്യക്തിപരമായ വിശ്വാസമാണ്. ഒരാൾ എന്താണ് മനസിലാക്കുന്നത്? ഈ കാര്യത്തിൽ അയാളുടെ ലക്ഷ്യം എന്തു?"[5]

സകല നീതിയും, നിറവേറ്റേണ്ടതിനാണ് യേശു സ്നാനപ്പെ ടുവാൻ വന്നതെന്നു അവൻ പറഞ്ഞതിനർത്ഥം അവൻ സ്നാനത്തി ന്റെ ഉദ്ദേശത്തെക്കുറിച്ചു അജ്ഞനയാരുന്നില്ല എന്നാണ്. യേശുവിനെ അനുഗമിക്കുവാൻ, നാം സ്നാനപ്പെടുമ്പോൾ അതിന്റെ ഉദ്ദേശം അറിഞ്ഞിരിക്കണം, അതിന്റെ അർത്ഥം നാം സ്നാനപ്പെടുവാൻ വരുന്നതു നമ്മുടെ പാപങ്ങൾ മോചിക്കപ്പെടേണ്ടതിനായിരിക്കണം.

### പ്രസ്താവന 2: "ആത്മാവെന്ന ദാനവും പാപങ്ങളുടെ മോചനവും ഒരേ ഇനത്തിൽ പെടുന്നു"

സ്നാനത്തിന്റെ ഉദ്ദേശമായ ശുദ്ധീകരണത്തെ മനസിലാക്കേണ്ടതിന്റെ ആവശ്യകതയെ ചിലർ എതിർക്കാറുണ്ട്:

> "പരിശുദ്ധാത്മദാനം" എന്നതു വാഗ്ദാനമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതു പാപമോചനം എന്ന ഇനത്തിൽ തന്നെ പെടും.കാരണം രണ്ടും ദൈവം മാന സാന്തരപ്പെട്ടു സ്നാനപ്പെടുന്നവരിൽ തരുന്ന അനുഗ്രഹങ്ങളാണ്. "പാപങ്ങളുടെ മോചനമോ" "പരിശുദ്ധാത്മാവു എന്ന ദാനമോ" സ്നാന കല്പനയുടെ ഭാഗമല്ല.[6]

പ്രവൃത്തി 2:38ൽ പറയുന്നതു, "മാനസാന്തരപ്പെട്ടു ... സ്നാനപ്പെട്ടാൽ പാപമോചനവും പരിശുദ്ധാത്മാവെന്ന ദാനവും ലഭിക്കു*മെന്നല്ല,"* അല്ലെങ്കിൽ, "പാപമോചനവും പരിശുദ്ധാത്മാവ് എന്ന ദാനത്തിനും മാനസാന്തരപ്പെട്ട് സ്നാനമേല്പിൻ എന്നുമല്ല പറഞ്ഞത്. അല്ലെങ്കിൽ പാപമോചനത്തിനും പരിശുദ്ധാത്മാവ് എന്ന ദാനത്തിനും മാനസാന്തരപ്പെട്ട് സ്നാനമേല്പിൻ എന്നുമല്ല പറഞ്ഞത്." അവിടെ

പറയുന്നതു, ''മാനസാന്തരപ്പെട്ട്, ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി; യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ ... എന്നാൽ പരിശുദ്ധാത്മവു എന്ന ദാനം ലഭിക്കും'' എന്നാണ്. പാപമോചനവും പരിശുദ്ധാത്മാവു എന്ന ദാനവും ഗ്രീക്കു വാക്കായ *eis ("for") "for" (eis) തുല്യമായി ബന്ധിപ്പിക്കയല്ല* ചെയ്തിരിക്കുന്നത് ("പാപങ്ങളുടെ മോചനത്തിനായി സ്നാനമേ ല്പിൻ"), ("പരിശുദ്ധാത്മ ദാനത്തിനായി എന്നല്ല പറഞ്ഞിരിക്കുന്നത്") സ്നാനം പാപങ്ങളുടെ മോചനത്തിനാണ്, അല്ലാതെ പാപമോചന ത്തിനും പരിശുദ്ധാത്മാവെന്ന ദാന*ത്തിനും* എന്നല്ല പറഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവു എന്ന നിബന്ധന ലഭിക്കുവാൻ പാപങ്ങളുടെ മോചനത്തി*നായി* യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കണം.

വിവിധ തർജ്ജിമകൾ ഈ വ്യത്യാസം വരുത്തിയിരിക്കുന്നു:

> മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനുവേണ്ടി സ്നാനമേല്പിൻ... നിങ്ങൾക്കു പരിശുദ്ധാത്മാവു എന്ന ദാനവും ലഭിക്കും (NIV, also Green, *A Literal Translation*).

> മാനസാന്തരപ്പെട്ടു, ... പാപങ്ങളുടെ മോചനത്തിനായി,സ്നാന മേല്പിൻ ... എന്നാൽ പരിശുദ്ധാത്മാവുഎന്ന ദാനം നിങ്ങൾക്കു ലഭിക്കും (NASB, RSV, NRSV).

പാപങ്ങളുടെ മോചനത്തിനായി, സ്നാനമേല്പിൻ എന്നതിനുശേഷം ഒരു നിർത്തലോ, സെമികോളനോ ഈ തർജ്ജിമകളിലെല്ലാം, ഇട്ടിട്ടുണ്ട്. അതു സൂചിപ്പിക്കുന്നതു മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുന്നവർക്കു ലഭിക്കുന്ന അനുഗ്രഹമാണ് പരിശുദ്ധാത്മ സ്നാനം എന്നതാണ്. *അങ്ങനെ,* ഒരാൾ സ്നാന മേല്ക്കുന്നതു പരിശുദ്ധാത്മാവു ലഭിക്കുന്നതിനുവേണ്ടി*യല്ല*, പകരം പാപങ്ങളുടെ മോചനത്തിനായി, സ്നാനപ്പെടുമ്പോൾ അതിനെ തുടർന്നു ലഭിക്കുന്നതാണ് പരിശുദ്ധാത്മാവ്.

പുതിയജനനം പുറപ്പെടുവിക്കൽ സ്നാനത്തിൽ ഉൾപ്പെടുന്നു. വീണ്ടും ജനിച്ചവർക്കു ജനനശേഷം കിട്ടുന്ന ദാനമാണ് പരിശുദ്ധാത്മ ദാനം (ഗലാത്യർ 4:6), ഒരാൾ സ്നാനമേല്ക്കുന്നതു വീണ്ടും ജനിക്കുവാൻ. ജനിച്ചശേഷം വീണ്ടും ജനിച്ചതുകൊണ്ട് പരിശുദ്ധാത്മാവിനെ നല്കുന്നു. സ്നാനവും പരിശുദ്ധാത്മാവു എന്ന ദാനവും തുല്യമായി പാപമോചനത്തോടും വീണ്ടും ജനനത്തോടും ബന്ധപ്പെടുത്തിയിട്ടില്ല, വെറും ചടങ്ങുകൊണ്ടാകുന്നില്ല. വീണ്ടും ജനനത്തിൽ ഒരു വ്യക്തിയുടെ ഭാഗത്തു നിന്നും മനസോടെയുള്ള പരിശ്രമം ഉൾപ്പെടുന്നു. സ്നാനപ്പെടുമ്പോൾ അയാൾ ശുദ്ധീകരി ക്കപ്പെട്ട

പുതുജീവിതം കാംക്ഷിക്കണം.

**പ്രസ്താവന 3: "ഒരാൾ സ്നാനം എന്തി 'ലേക്കു' ഉളതാണെന്ന് എല്ലാം അറിയേണ്ട ആവശ്യമില്ല."**

താഴെ കൊടുത്തിരിക്കുന്നവയി "ലേക്കാണ്," സ്നാനം *eis*, എന്നു ചിലർ ചൂണ്ടികാണിക്കുന്നു:

(1) പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ (മത്തായി 28:19).

(2) പാപങ്ങളുടെ മോചനം (പ്രവൃത്തി 2:38; മർക്കൊസ് 1:4; ലൂക്കോസ് 3:3; മത്തായി 26:28).

(3) കർത്താവായ യേശുവിന്റെ നാമം (പ്രവൃത്തി 19:5).

(4) ക്രിസ്തു (റോമർ 6:3).

(5) ക്രിസ്തുവിന്റെ മരണം (റോമർ 6:3).

(6) ക്രിസ്തുവിന്റെ ശരീരം, സഭ (1 കൊരിന്ത്യർ 12:13).

അങ്ങനെ, പത്രോസിന്റെ പ്രസംഗം കേട്ടവർ അവനോടു വാദിച്ചു പ്രവൃത്തി 2:38. പാപമോചനവും, പിന്നെ സ്നാനത്തിന്റെ ഉദ്ദേശവും എല്ലാം മനസിലാക്കി വേണം എന്നു പറയാമാ യിരുന്നു *eis* ("ലേക്കു").[7]

ഇതിലുള്ള പ്രശ്നം എന്തെന്നാൽ മത്തായി 28:19, പ്രവൃത്തി 19:5, റോമർ 6:3, 1 കൊരിന്ത്യർ 12:13 എന്നീ വാക്യങ്ങളിൽ ഉപയോഗിച്ച ഗ്രീക്കു വാക്കും പ്രവൃത്തി 2:38-ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കും വ്യത്യാസമുണ്ട് എന്നതാണ്. ഒയേപ്കെ പറഞ്ഞതു, പ്രവൃത്തി 2:38, മർക്കോസ് 1:4, ലൂക്കോസ് 3:3, മത്തായി 26:28 എന്നീ വാക്യങ്ങളിൽ eis എന്ന പ്രയോഗത്തിന്റെ ശക്തി ഈ രീതിയിൽ പരിഗണിക്കണം: "അതിന്റെ ശക്തി വർദ്ധിച്ച് സ്വതന്ത്ര ക്രിയാവിശേഷണ നിർവ്വചനം ആയി മാറുന്നു."[8] സ്നാനവുമായി ബന്ധപ്പെട്ടുള്ള "മറ്റു എയ്സിന്റെ ഉപയോഗം'' അങ്ങനെയല്ല ''സ്വതന്ത്ര ക്രിയാവിശേഷണ മായിത്തീരുന്നു"; അതുകൊണ്ട്, അവ പ്രവൃത്തി 2:38ഉം മർക്കൊസ് 1:4ഉം ആയി സമാന്തരമല്ല.

നാം സ്നാനമേല്ക്കുന്നതിന്റെ ഉദ്ദേശം ദൈവത്തിനറിയാം. ആ അടിസ്ഥാനത്തിലാണ് അവൻ പരിശുദ്ധാത്മാവിനെ നല്കുന്നത്. പഴയ നിയമത്തിൽ നാം സ്നാനത്തിനു വരുന്നതു പാപങ്ങൾ മോചി ക്കപ്പെടേണ്ടതിന്നു, ആയിരിക്കണം. വേറേ ഉദ്ദേശവുമായി വരു ന്നവർ സ്നാനത്തിനു ദൈവം ഉദ്ദേശിച്ചിരിക്കുന്ന അർത്ഥം അവർ ക്കു നഷ്ടമാകും.

**പ്രസ്താവന 4: "അബ്രഹാമിന്റെ യാത്ര ഒരു ഉദാഹരണം"**

ഒരാൾ സ്നാനത്തിന്റെ ഉദ്ദേശം മനസിലാക്കേണ്ടതില്ല എന്ന വാദ ത്തിനു അബ്രഹാമിന്റെ യാത്രഎടുത്തു കാണിക്കാറുണ്ട്.

> വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു, എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു (എബ്രായർ 11:8). അവൻ എവിടേക്കു പോകുന്നുഎന്നു അറിഞ്ഞിരുന്നെങ്കിൽ, അവൻ കൂടുതൽ അനുസരിക്കുന്നവൻ ആകുമായിരുന്നോ?[9]

സ്നാനപ്പെടുമ്പോൾ ഉദ്ദേശങ്ങൾ മനസിലാക്കേണ്ട എന്നു പറയുവാൻ അബ്രഹാമിന്റെ യാത്ര ഉദാഹരണമായി എടുത്താൽ. ആദ്യമായി, അവന്റെ സ്വദേശം വിട്ട് അവന്നു കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക എന്ന *വെറുമൊരു* കല്പനയല്ല ദൈവം കൊടുത്തത്. ദൈവം അവനോടു പറഞ്ഞതു, നീ ചെയ്താൽ ഞാൻ നിന്നെ വലിയൊരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ചു നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നാണ് (ഉല്പത്തി 12:1–3). രണ്ടാമതു, അബ്രഹാം തന്റെ സ്വദേശം വിട്ടു ദൈവം അവന്നു കാണിപ്പാനിരുന്ന ദേശത്തേക്കു പോയതു വാഗ്ദത്തം കൂടാതെയല്ല. വാഗ്ദത്തത്തെ അറിഞ്ഞിരിന്നു (ഉല്പത്തി 12:1).

ഇതിനോടു സ്നാനത്തെ സമാന്തരമാക്കി എടുത്ത സംഭവങ്ങൾ അനവധി ഉണ്ടായിട്ടുണ്ട്. പാപമോചനത്തിന് സ്നാനപ്പെടുവാൻ പോകുന്ന ആൾ താൻ സ്നാനശേഷം എവിടെ പോകുന്നു എന്നറിയാതെയാണെങ്കിൽ വിശ്വാസമോ? രക്ഷക്കു ആവശ്യപ്പെടുന്ന വിശ്വാസം വാഗ്ദാനം ചെയ്ത അനുഗ്രഹത്തിലുള്ള വിശ്വാസം ആണ് (അല്ലാതെ എവിടെ പോകുന്നു എന്നറിയാതെയുള്ളതല്ല). അബ്രഹാമിന്റെ വിശ്വാസവും; ഇതു വാസ്തവമായിരുന്നു. അവന്റെ വിശ്വാസം ദൈവത്തിന്റെ വാഗ്ദാനം ചെയ്ത അനുഗ്രഹത്തിലായിരുന്നു. അല്ലാതെ അനുഗ്രഹം എവിടെ എന്നതിൽ ആയിരുന്നില്ല.

താൻ എവിടെ പോകുന്നു, എന്നു അബ്രഹാമിന്നു അറിവുണ്ടായിരുന്നില്ല. കാരണം ദൈവം *അതു വെളിപ്പെടുത്തിയിരുന്നില്ല.* പക്ഷേ അവൻ അവിടെ പോയിരുന്നാൽ, മാത്രമെ ദൈവം വാഗ്ദാനം പാലിക്കുമായിരുന്നുള്ളൂ അതിൽ അവൻ തന്റെ വിശ്വാസം വെച്ചു. സ്നാനത്തിന്റെ കാര്യത്തിൽ *ദൈവം വെളിപ്പെടുത്തിയിരിക്കയാണ്* സ്നാനപ്പെട്ടാൽ എന്തു ചെയ്യുമെന്ന്, നാം സ്നാനപ്പെട്ടാൽ ദൈവം എന്തു ചെയ്യണമെന്നതിൽ, വിശ്വസിക്കണം എന്നർത്ഥം.

### പ്രസ്താവന 5: "യെരിഹോവിലെ പ്രവൃത്തിയുടെ കാരണം യിസ്രായേലിന് മനസിലാക്കേണ്ട ആവശ്യമില്ലായിരുന്നു"

യിസ്രായേൽ മക്കൾ യെരിഹോമതിലിനു ചുറ്റും നടന്നതിനെ കുറിച്ചു ചോദ്യം ചോദിച്ചിട്ടുള്ളത്, "അവർ [ഇസ്രായേൽ] മതിലിനു ചു റ്റുംനടക്കുന്നതിന്റെ കാരണം മനസിലാക്കുന്നതിൽ പരാജയപ്പെട്ടു

നട ന്നാൽ മതിൽ വീഴ്ത്താതിരിക്കുമായിരുന്നോ?"[10] എന്നാണ്. ദൈവം കല്പിച്ചതു അവർ ചെയ്താൽ ദൈവം എന്തു ചെയ്യുമെന്ന് മതിയായ, വ്യക്തമായ രീതിയിൽ പറയുകയും നിർദ്ദേശിക്കയും ചെയ് തു (യോശുവ 6). ദൈവം വാഗ്ദാനം ചെയ്തതു, ചെയ്യുവാൻ അവർ മന സിലാക്കി ദൈവത്തിലുള്ള *വിശ്വാസത്താൽ* ചുറ്റി നടക്കയും ചെയ്തു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ദൈവം മതിൽ വീഴ്ത്തി (എബ്രായർ 11:30).

അവരുടെ വിശ്വാസം എന്തിലായിരുന്നു? അവരുടെ ചുറ്റിനടപ്പിലാ യിരുന്നോ? അവരുടെ നിലവിളിയിലോ? കൊമ്പുകൾ കൊണ്ടുള്ള കാഹളം ഊതിയതിലോ? മതിൽ വീഴ്ത്തുവാൻ ദൈവത്തിലുള്ള വിശ്വാ സമാണ് അതെല്ലാം ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചത്. *അവരുടെ വിശ്വാസം നിമിത്തം ആണ്* ദൈവം അതു ചെയ്തതു എന്നു പറ ഞ്ഞാൽ, അവർ ചുറ്റി നടക്കയും, കാഹളം ഊതുകയും ചെയ്താലും അവർക്കു ദൈവത്തിൽ വിശ്വാസം ഇല്ലായിരുന്നെങ്കിൽ ദൈവം മതിൽ വീഴ്ത്തുമായി*രുന്നില്ല*.

ദൈവത്തിന്റെ വാഗ്ദാനം മതിൽ വീഴ്ത്തുമെന്നായിരുന്നു. അവ രുടെ ഭാഗത്തു നിന്നും ചെയ്യേണ്ടിയിരുന്നതു, ദൈവത്തിൽ *വിശ്വസിച്ചു* ചുറ്റി നടക്കയും, നിലവിളിക്കയും കാഹളം ഊതുകയും ചെയ്യുക എന്ന തായിരുന്നു. അവർക്കു വാഗ്ദാനം മനസിലായി*ല്ലായിരുന്നെങ്കിൽ* അവ രുടെ ഭാഗം അവർ വിശ്വാസത്തോടെ ചെയ്യുമായിരുന്നില്ല. അവർ അങ്ങനെ ചെയ്തതുകൊണ്ട് ദൈവം പ്രവർത്തിച്ചു.

നമ്മുടെ കാര്യത്തിൽ, ദൈവഭാഗത്തു നിന്നുള്ളത് നമ്മുടെ പാപമോചനമാണ്. നമ്മുടെ ഭാഗത്തുനിന്നും നാം ദൈവവിശ്വാസ ത്താൽ സ്നാനമേല്ക്കണം. അപ്പോൾ ദൈവം വാഗ്ദാനം നിറവേറ്റും. നമുക്കു ദൈവഭാഗം മനസിലായി*ല്ലെങ്കിൽ*, *വിശ്വാസത്തോടെ* പ്രവൃ ത്തിക്കാൻ കഴിയുകയില്ല. അപ്പോൾ ദൈവത്തിന് തന്റെ ഭാഗം നിറവേ റ്റാനും കഴികയില്ല.

ശരിയായ അറിവില്ലെങ്കിൽ, വിശ്വാസത്തെയും, അതു മൂലം രക്ഷയെയും തടയാമെന്നു പിശാചിനു നന്നായി അറിയാം. "ആരെങ്കി ലും രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻവന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തു കളയുന്നു" (മത്തായി 13:19), "അങ്ങനെ അവർ വിശ്വസിക്കുകയോ രക്ഷിക്കപ്പെടു കയോ ഇല്ല" (ലൂക്കോസ് 8:12). ഗ്രഹിക്കലാണ് വിശ്വാസത്തിന്റെ അടി സ്ഥാ നം (റോമർ 10:17), ദൈവത്തിനു സ്വീകാര്യമായ പ്രവൃത്തിയുടെ അടിസ്ഥാനവും വിശ്വാസമാണ് (എബ്രായർ 11:6); അതുകൊണ്ടു, ഗ്രഹി ക്കൽ രക്ഷക്കു ആവശ്യമാണ് (മത്തായി 13:15). പാപങ്ങളുടെ മോചന ത്തിനു, എന്താണ് ആവശ്യമെന്നു ഒരാൾ ഗ്രഹിക്കുന്നില്ലെങ്കിൽ വിശ്വാ സത്താൽ പ്രവൃത്തിക്കാൻ സാദ്ധ്യമല്ല; വാഗ്ദത്ത അനുഗ്രഹവും താൻ

ചെയ്യുവാൻ പോകുന്ന പ്രവൃത്തിയും തമ്മിലുള്ള ബന്ധം അവൻ മനസിലാക്കുന്നില്ല. അത്തരം അനുസരണം വിശ്വാസപ്രവൃത്തിയല്ല, അന്ധമായ അനുസരണം ആണ്. രക്ഷിക്കുന്നതു വെറും അനുസരണ പ്രവൃത്തിയല്ല, പിന്നെയോ യേശുവിന്റെ ശുദ്ധീകണ ശക്തിയിലുള്ള *വിശ്വാസത്താൽ* ചെയ്യുന്ന അനുസരണ പ്രവൃത്തിയാണ്.

### പ്രസ്താവന 6: "ഒരാൾ സ്നാനമേല്ക്കുന്നതു എല്ലാ അനുഗ്രഹങ്ങൾക്കും വേണ്ടിയാണ്"

ഒരാൾ സ്നാനമേല്ക്കുമ്പോൾ, ലഭിക്കുന്ന അനേകം അനുഗ്രഹങ്ങളുടെ പട്ടിക നിരത്തിയിട്ട് ജിമ്മി അലെൻ ഈ നിരീക്ഷണം നടത്തി:

> യുക്തിപരമായി, പാപമോചനത്തെക്കുറിച്ചു ഒരാൾ മനസിലാക്കേണ്ടതില്ലെങ്കിലോ എന്നു എതിർവാദം ഊന്നിയിരുന്നുവെങ്കിൽ അയാളുടെ സ്നാന സമയത്ത് അനുഗ്രഹം ലഭിക്കേണ്ടതിന്നു, അയാൾ പുനർസ്നാനം, ഏല്ക്കണം. ദൈവം നിറവേറ്റുന്ന, കാരണം ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ്. ഒരിക്കൽ അതു മനസിലാക്കിയാൽ, അയാൾ വീണ്ടും സ്നാനം ഏല്ക്കണം."

ചില ഉദ്ദേശത്തിനായി, നാം പ്രവൃത്തിക്കുമ്പോൾ മറ്റനേക അനുഗ്രഹങ്ങൾക്കായി നമുക്കു വാതിൽ തുറക്കാൻ കഴിയും. ഈ അനുഗ്രഹങ്ങൾ പ്രവൃത്തിയുടെ *ഉദ്ദേശം* ചെയ്യുന്ന പ്രവൃത്തിയുടെ *ഫലമായി* കിട്ടുന്നതാണ്.

ഒരു പുരുഷൻ വിവാഹം കഴിക്കാനുള്ള ലൈസൻസ്, വാങ്ങി പള്ളിയുടെ ഇടനാഴിയിൽ വന്നു പറഞ്ഞേക്കാം, "ഞാൻ ഇതു" വിവാഹം കഴിക്കാൻ ഉദ്ദേശിച്ചു ചെയ്തതാണ്. ഈ അനുഗ്രഹം ലഭിച്ചതു മൂലം വിവാഹത്തി *ലൂടെ* പിന്നീട് വിവാഹവുമായി ധാരാളം അനുഗ്രഹങ്ങൾക്കു വഴി തുറക്കുന്നു. അതുപോലെ, പാപി തന്റെ പാപങ്ങൾ ക്ഷമിച്ചു ദൈവത്തോടു, നല്ലൊരു ബന്ധമുണ്ടാക്കി പിന്നീട് വേർ പിരിയാതെ ജീവിക്കാൻ സ്നാനമേല്ക്കുന്നു. ഈരീതിയിൽ പ്രതികരിക്കുന്നതുകൊണ്ട് ക്രിസ്തുവിലുള്ള അനവധി ആത്മീയമായ അനുഗ്രഹങ്ങൾക്കു വാതിൽ തുറക്കയാണ് (എഫെസ്യർ 1:3).

സ്നാനപ്പെടാൻ വരുന്ന ആൾ പുതിയ ബന്ധത്തോടു കൂടിയ എല്ലാ അനുഗ്രഹങ്ങളെയും സ്നാനപ്പെടുമ്പോൾ മനസിലാക്കണമെന്നില്ല. വിവാഹം കഴിക്കാൻ ഒരുങ്ങിയ ആളെപോലെ സ്നാനപ്പെടാൻ വരുന്ന ആൾ പുതിയ ബന്ധത്തിലേക്കു പ്രവേശിക്കുന്നതിന്റെ *ഉദ്ദേശം മാത്രം* മനസിലാക്കിയിരിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ, അയാൾ എല്ലാ അനുഗ്രഹങ്ങളും, മനസിലാക്കിയാലും, ഇല്ലെങ്കിലും ലഭിക്കും. അയാൾ ഓരോ ദിവസവും പുതിയ ഓരോ അനുഗ്രഹത്തെ മനസിലാക്കുമെങ്കിൽ ഓരോ ദിവസവും വീണ്ടും സ്നാനമേല്ക്കണം. വിവാഹം കഴി

ക്കുന്ന ആൾ പിന്നീട് ഓരോ അനുഗ്രഹത്തെയും തിരിച്ചറിയുമ്പോൾ അയാൾ വീണ്ടും വിവാഹം കഴിക്കേണ്ട ആവശ്യമില്ലല്ലോ. സ്നാനമേല്ക്കുമ്പോൾ ശരിയായ ഉദ്ദേശത്തിനാണെങ്കിൽ അതോടൊപ്പം മറ്റെല്ലാ അനുഗ്രഹങ്ങളും പുതിയ ബന്ധത്തിൽ ലഭിക്കും.

സെസിൽ മേ, ജൂനിയർ., ശരിയായി നിരീക്ഷിച്ചു,

> "പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കുക" എന്നതിനു പകരം "പാപങ്ങളുടെ മോചനത്തിനായി" എന്നതു മനസിലാക്കിയോ ഇല്ലയോ എന്നതാണ് ചോദ്യം. ഒരാൾ "പാപം മോചിച്ചു കിട്ടി" എന്നതിനു പകരം "പാപമോചനത്തിനായി" എന്നതു അയാൾ മനസിലാക്കിയോ, ക്രിസ്തുവിൽ ആയി തീർന്നതു കൊണ്ടാണോ അതോ "ക്രിസ്തുവിനോടു ചേരുവാനാണോ" "ഞാൻ ക്രിസ്തുവിൽ ആയതുകൊണ്ട്," ... രക്ഷ കിട്ടിക്കഴിഞ്ഞു എന്നതിനാൽ സ്നാനമേല്ക്കുന്നവർ ബൈബിളിലെ സ്നാനത്തിന്റെ ഉദ്ദേശത്തെ മാറ്റിക്കളകയാണ്.[12]

## പ്രസ്താവന 7: "സ്നാനത്തിനുവേണ്ടിയുള്ള ഒരുദ്ദേശത്തിൽ മറ്റെല്ലാം അടങ്ങുന്നു"

ദൈവത്തെ അനുസരിക്കുക എന്ന *ഏക* ഉദ്ദേശത്തിൽ സ്നാനം,ദൈവത്തെ അനുസരിക്കൽ, മറ്റെല്ലാ ഉദ്ദേശങ്ങളും ഉൾപ്പെടുന്നു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്:

> സ്നാനപ്പെടേണ്ടതിനുള്ള എല്ലാ കാരണങ്ങളും ഒരാൾ മനസിലാക്കണമെന്നു തോന്നുന്നു. അല്ലെങ്കിൽ ഒരു കാരണത്തോടു മറ്റു കാരണങ്ങൾ എല്ലാം ചേർന്നിരിക്കണം ... ദൈവത്തെ അനുസരിക്കുവാൻ എന്ന കാരണത്തിൽ മറ്റെല്ലാം ഉൾപ്പെടുന്നു എന്നു ഞാൻ വിശ്വസിക്കുന്നു യേശു സ്നാനപ്പെട്ടതു പിതാവിനെ അനുസരിക്കുന്നതിനുവേണ്ടിയായിരുന്നു (മത്തായി 3:15–17), സ്നാനപ്പെടുന്നതിന്നു അവനേക്കാൾ ഉയർന്ന ലക്ഷ്യം മറ്റാർക്കും ഉണ്ടാകയില്ല.[13]

യേശുവിന്റെ സ്നാനത്തിലെ, ഒരു ഉദ്ദേശം എടുക്കുകയും മറ്റുള്ളവ കണ്ടില്ലെന്നു നടിക്കയും ചെയ്യുവാൻ എന്തവകാശമാണ് ഒരു വ്യക്തിക്കുള്ളത്. യേശു സ്നാനപ്പെട്ടതു, നമ്മുടെ ഉദ്ദേശങ്ങളെ, ഗണിക്കാതെയായിരുന്നു. *ആ ഒരൊറ്റ* ഉദ്ദേശം മാത്രമാണോ നാം സ്നാനമേല്ക്കുന്നതിൽ ഉള്ളത്?

യേശു സ്നാനമേറ്റതു പാപമോചനത്തിനും, രക്ഷക്കും, പുതിയ ജീവിതത്തിനും വേണ്ടിയായിരുന്നോ? അല്ലെങ്കിൽ, പിന്നെ ദൈവത്തെ അനുസരിക്കുവാനുള്ള, സ്നാനത്തിൽ എല്ലാ ഉദ്ദേശങ്ങളും ഉൾപ്പെടുന്നില്ല. യേശു സ്നാനപ്പെട്ടതിന്റെ കാരണവും, നമ്മുടെ സ്നാനത്തിൽ ഉൾപ്പെടുന്നുണ്ട്. പക്ഷേ അതിലും കൂടുതൽ നമ്മുടെ സ്നാനത്തിൽ ഉൾപ്പെടുന്നു. യേശുവിന്റെ ക്രൂശിലെ മരണത്തിൽ ചിന്തിയ രക്ത

ത്താൽ പാപമോചനം ലഭിച്ചു ദൈവത്തോടു ഒരു പുതിയ ബന്ധത്തിൽ പ്രവേശിക്കയാണ് നാം. ഇതിൽ നിന്നു സ്നാനത്തെ കുറച്ചു കാണുന്ന വർ, യേശുവിന്റെ രക്തത്തിൽ വിശ്വാസമില്ലാതെ ചടങ്ങായോ,അന്ധ മായ അനുസരണമായോ സ്നാനത്തെ കാണുന്നു. ദൈവത്തോടു ബന്ധം പുലർത്തേണ്ടതിന്നു, അർത്ഥ ശൂന്യമായ ചടങ്ങായോ ഗ്രഹി ക്കൽ ഇല്ലാത്ത ഒരു പ്രവൃത്തിയായോ ബൈബിളിൽ ഒരിടത്തുമില്ല.

**ഉപസംഹാരം**

സ്നാനം എന്നത് അന്ധമായ പ്രതികരണത്തെക്കാൾ ദൈവകല്പനയോടുള്ള ബന്ധമായിതീരുന്നു, അതിൽ ഒരാളുടെ കഴിഞ്ഞകാല പാപത്തെ തിരിച്ചറിയുന്നതും, യേശുവിന്റെ കർതൃത്വത്തെയും അവന്റെ പാപം മോചിക്കുവാനുള്ള ശക്തിയേയും, യേശുവിനു വേണ്ടി ജീവിക്കുന്നതിനുള്ള പ്രചോദനവും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തി തന്റെ ഹൃദയത്തിൽ ഉദ്ദേശവും മനസ്സിലാക്കലും കൂടാതെ സ്നാനം ഏറ്റാൽ അയാൾ പാപമോചനത്തിനു വേണ്ടിയുള്ള ദൈവകല്പനയായ, സ്നാനമല്ല, ഏറ്റത് എന്ന് തിരിച്ചറിയണം, കാരണം തന്റെ യേശുവിലുള്ള വിശ്വാസം, അവന്റെ ജീവിതത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുവാനും ദൈവത്തോടുകൂടിയുള്ള ബന്ധം ശരിയാക്കുവാനും ആകണം സ്നാനം. യേശുവിലുള്ള വിശ്വാസം ഏറ്റു പറയുകയും, സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും ചെയ്താൽ യേശുവിന്റെ രക്തത്താൽ പാപമോചനത്തിലൂടെ ദൈവത്തോട് ഒരു പുതിയ ബന്ധം സ്ഥാപിക്കാം.

---

കുറിപ്പുകൾ

[1]സെസിൽ മേ,ജൂനിയർ., "ദി നേച്ചർ ഓഫ് ഫെയിത്ത്, ആന്റ് ദി 'റീ ബാപ്റ്റിസം' ക്വൊസ്റ്റ്യൻ," മഗോലിയാ ബൈബിൾ കോളേജ് *പ്രീച്ചർ ടാക്ക്* (മാർച്ച് 1992): 3. [2]ഇബിഡ്. [3]ജിമ്മി അലെൻ, *റീബാപ്റ്റിസം?* (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പ നി, 1991), 41. ഇതു എടുത്തിരിക്കുന്നതു അവതരണത്തിലെ വിപുലതകൊണ്ടാണ്. തന്നോടു യോജിക്കുന്നവരുടെ ഉദ്ധരണികളും യോജിക്കാത്തവരുടേയും അടങ്ങിയിട്ടുള്ളതു ലേഖ കന്റെ മറ്റൊരാളോടുള്ള വിദ്വേഷത്തെ ഇല്ലാതാക്കുന്നു. [4]ഇബിഡ് 46; 47-48 പേജ് നോക്കു ക. [5]റൂബെൽ ഷെല്ലി, *ഐ ജെസ്റ്റ് വാൺ ടു ബി എ ക്രിസ്റ്റ്യൻ* (നാഷ്‌വില്ലേ: 20th സെഞ്ചൂറി ക്രിസ്റ്റ്യൻ, 1986), 124. [6]അലെൻ, 41. [7]ഇബിഡ്., 117. [8]എ ഒയേപ്കെ, "eis,"ഇൻ *തിയോളജി ക്കൽ ഡിക്ഷണറി ഓഫ് ദി ന്യൂടെസ്റ്റ്മെന്റ്,* ed. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്.ആന്റ് ed ജിയോഫ്രെ ഡബ്ലിയു ബ്രോയില്ലേ (ഗ്രാന്റ് റാപ്പിഡ്സ്, മിക്ക്.: ഡബ്ലിയൂഎം.ബി.എർഡ് മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1964), 2:429. [9]അലെൻ, 42. [10]ഇബിഡ്., 43.

[11]ഇബിഡ്., 173. [12]സെസിൽ മേ, ജൂനിയർ., "ദി പർപ്പസ് ഓഫ് ബാപ്റ്റിസം, ആന്റ് ദി 'റീബാപ്റ്റിസം' കൊസ്റ്റ്യൻ," മാഗ് നോലിയ ബൈബിൾ കോളേജ് *പ്രീച്ചർ ടാക്ക്* 8 (ഫെബ്രുവരി 1991): 3. [13]അലെൻ, 173.

ക്രിസ്ത്യാനികളുടെ ഔദാര്യത്താൽ **ട്രൂത്ത് ഫോർ ടുഡേ വേൾഡ് മിഷൻ സ്കൂൾ** എന്ന സൗജന്യ ബൈബിൾ പാഠ്യപദ്ധതി നടത്തുവാൻ കഴിഞ്ഞിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ചോദ്യാവലി പൂരിപ്പിച്ചു അയച്ചാൽ ഭാവിയിൽ പുസ്തകങ്ങൾ അയക്കുന്നതിനു സഹായിക്കും.

ദയവായി ചുരുങ്ങിയതു വർഷത്തിൽ ഒരിക്കലെങ്കിലും ഞങ്ങൾക്കെഴുതുക. അങ്ങനെ നിങ്ങളുടെ വിലാസവും മറ്റും ഉറപ്പുവരുത്തുന്നതിനും നിങ്ങൾക്കു ഈ പദ്ധതി എങ്ങനെ സഹായകരമാകുന്നു എന്നും ഞങ്ങൾക്കു അറിയാൻ കഴിയും. കർത്താവിന്റെ വേലയിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഏതെങ്കിലും ഒന്നു അടയാളപ്പെടുത്തുക ☐ ആൺ ☐ പെൺ

പേര്: ______________________________

പൂർണ്ണമായ വിലാസം: ______________________________

______________________________

______________________________

______________________________

വിലാസം മാറുമ്പോൾ പഴയ അഡ്രസും എഴുതുക:

______________________________

______________________________

______________________________

ഈ – മെയിൽ അഡ്രസ്: ______________________________

ഏതു സഭയിലാണ് നിങ്ങൾ ആരാധിക്കുന്നത്? ______________________________

സ്ഥലം എവിടെ? ______________________________

ഉപദേഷ്ടാവിന്റെ പേര്: ______________________________

നിങ്ങൾ സംബന്ധിക്കുന്ന സഭയിൽ നിങ്ങളുടെ പങ്ക് എന്തെല്ലാം?

☐ ഉപദേഷ്ടാവ് ☐ അംഗം

☐ ബൈബിൾ ക്ലാസ് എടുക്കൽ ☐ അംഗമല്ല

നിങ്ങൾക്കു ഇപ്പോൾ ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്കൂൾ പ്രസിദ്ധീകരണം തുടർച്ചയായി കിട്ടുന്നുണ്ടോ? (ഏതെങ്കിലും ഒന്ന് അടയാളപ്പെടുത്തുക):

☐ ഇല്ല

☐ ഉണ്ട് എനിക്കു തപാലിൽ നേരിട്ടു ലഭിക്കുന്നു.

☐ ഉണ്ട് ______________________ ൽ ലഭിക്കുന്നു (ആരിൽ നിന്നാണ് ലഭിക്കുന്നത്?) പേര്?

ഏതു ഭാഷയിലാണ് ഈ പ്രസിദ്ധീകരണം ലഭിക്കുന്നത്? (ഒന്നുമാത്രം അടയാളപ്പെടുത്തുക)

☐ ഇംഗ്ലീഷ് ☐ തമിഴ് ☐ ഹിന്ദി ☐ തെലുങ്ക് ☐ മലയാളം

നിങ്ങൾക്കു ലഭിക്കുന്ന പ്രസിദ്ധീകരണം നിങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു?

______________________________

ഈ പ്രസിദ്ധീകരണം മറ്റാർക്കെങ്കിലും ഏതെങ്കിലും ഭാഷയിൽ കിട്ടുവാൻ താൽപര്യപ്പെടുന്നതായി ഉണ്ടെങ്കിൽ ഈ ഫോം പൂരിപ്പിച്ചു അയക്കുക:

**ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്കൂൾ**

തമ്പുരാൻ മുക്ക്, കുന്നുകുഴി, തിരുവനന്തപുരം – 695035, ഇന്ത്യാ.